പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3716 11.12.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാന ഇലക്ട്രിക്ക് വാഹനനയം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇലക്ട്രിക്ക് വാഹനനയ ത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇലക്ട്രിക് വാഹനങ്ങളി ലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പരിസ്ഥിതി മലിനീകരണം കുറയ്ക്കു ന്നതിനും പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇത് സഹായകമാ കുമോ; | (ബി) | ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറ്റുന്നത്, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായകമാകും, പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങളുടെ ഉപയോഗം ഘട്ടം ഘട്ടമായി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| (സി) | ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; സംസ്ഥാനത്ത് എന്നു മുതൽ ഇലക്ട്രിക്ക് വാഹനങ്ങൾ ഓടിത്തുടങ്ങു മെന്ന് അറിയിക്കുമോ? | (സി) | പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാന ത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോ ടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ